2073



File No.REV-P1/248/2019-REV

I/4012059/2020

'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

നം- REV-P1/248/2019-REV

റവന്യൂ(പി) വകുപ്പ്

തിരുവനന്തപുരം,

തീയതി: 17/02/2020

## സർക്കുലർ

വിഷയം:- കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നത്

സൂചന:- ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 14.02.2020 തീയതിയിലെ യോഗത്തിന്റെ തീരുമാനം.

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നത് സംബന്ധിച്ച വിവിധങ്ങളായ സംശയങ്ങളും വിശദീകരണങ്ങളും ജില്ലകളിൽ നിന്നും ഉയർന്നു വരുന്നതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ(ഭേദഗതി) നിയമം വകുപ്പ് 27(എ) പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനത്തിനായി കണക്കിലെടുക്കുന്ന ന്യായവില എന്നാൽ അപേക്ഷാ വസ്തുവിന്റെ ഏറ്റവും അടുത്തുള്ള പുരയിടത്തിന്റെ ന്യായവില എന്നതും, അല്ലെങ്കിൽ ഭൂമിയുടെ ന്യായവില നിശ്ചയിച്ചിട്ടില്ലാത്തിടത്ത് സമാനമായതും സമാനമായി സ്ഥിതി ചെയ്യുന്നതുമായ ന്യായവില നിശ്ചയിച്ചിട്ടുള്ള ഏറ്റവും അടുത്ത പുരയിടത്തിന്റെ ന്യായവില എന്നുമാകുന്നു.

2. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലും ചട്ടങ്ങളിലും പരാമർ ശിച്ചിട്ടുള്ള 'മറ്റ് ആവശ്യങ്ങൾ' എന്നാൽ, ഭവന നിർമ്മാണം/വാണിജ്യാവശ്യം എന്നിവയൊഴികെയുള്ള ഇതു സംബന്ധിച്ച നിയമപരമായ എല്ലാത്തരം ആവശ്യങ്ങളും എന്നാകുന്നു.

3. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന 12.08.2008-നു ശേഷം നിലം (നെൽവയൽ) ഭൂമിയിൽ വീട് നിർമ്മാണാനുമതി സംബന്ധിച്ച്, ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച WP(C) No.3466/17-ൽ മേലുള്ള 06.06.2017-ലെ വിധിയ്ക്കനുസൃതമായാണ് ഇപ്രകാരമുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കേണ്ടത്. കൃഷിക്കാരന് സ്വന്തം കൃഷിഭൂമിയിൽ തന്നെ താമസിക്കുന്നതിനുള്ള അവസരം നൽകുന്നതിനാണ് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 5(3)(i) , 9 (i) എന്നിവ പ്രകാരം ഇത്തരത്തിൽ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്നും, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാബല്യത്തിൽ വന്ന ശേഷം നെൽവയൽ ഭൂമി വാങ്ങുന്നവർക്ക് ഇപ്രകാരം അനുമതി നൽകുന്നത് വലിയ തോതിലുള്ള

പ്രയോഗ ത്തിനിടയാക്കുമെന്നും ബഹു.കേരള ഹൈക്കോടതി നിരീക്ഷിച്ചിട്ടുണ്ട്. ആയതിനാൽ 12.08.2008-ന് ശേഷം നിലം (നെൽവയൽ) ഭൂമി നികത്തിയവർക്ക് ഭവന നിർമ്മാണാവശ്യത്തിനായി സ്വഭാവ വ്യതിയാനത്തിന്/ പരിവർത്തനത്തിന് അനുമതി നൽകേണ്ടതില്ല.

4. The Kerala Land Utilisation Order, 1967 പ്രാബല്യത്തിൽ വന്ന 04-07-1967-ന് മുമ്പ് പരിവർത്തനം ചെയ്തിട്ടുള്ള 20.23 ആറിൽ കൂടുതൽ വിസ്തീർണ്ണമുള്ള ഭൂമിക്ക് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 27 എ പ്രകാരമുള്ള സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിനായുള്ള അപേക്ഷ അനുവദിക്കുന്ന പക്ഷം, വകുപ്പ് 27 എ(2) പ്രകാരമുള്ള ജലസംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടതില്ല.

5. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമവും ചട്ടങ്ങളും പ്രകാരം ഡേറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ നെൽവയലുകളെ സംബന്ധിച്ചുള്ളതാണെങ്കിൽ കൃഷി ഓഫീസറുടെയോ, തണ്ണീർത്തടങ്ങളെ സംബന്ധിച്ചുള്ളതാണെങ്കിൽ വില്ലേജ് ഓഫീസറുടെയോ റിപ്പോർട്ട് വാങ്ങിയ ശേഷം ആവശ്യമെന്ന് കാണുന്ന പക്ഷം നേരിട്ട് പരിശോധന നടത്തിയോ ഉപഗ്രഹ ചിത്രത്തിന്റെ സഹായത്തോടു കൂടിയോ പരിശോധന നടത്തി റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

6. കേരള നെൽവയൽ തണ്ണീർത്തട (ഭേദഗതി) ചട്ടത്തിലെ വ്യവസ്ഥ പ്രകാരം, പ്രാദേശിക നിരീക്ഷണ സമിതി അംഗീകരിച്ച ശേഷം വിജ്ഞാപനം ചെയ്തിട്ടുള്ള ഡാറ്റാബാങ്കിൽ നിന്നും എന്തെങ്കിലും ഒഴിവാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യണമെങ്കിൽ, പ്രാദേശിക നിരീക്ഷണ സമിതിയുടെ തന്നെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡാറ്റാബാങ്കിൽ ആവശ്യമായ തിരുത്തലുകൾ വരുത്തിക്കൊണ്ട് ഒരു ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതാണ്. ഇതിനായി നിലവിലെ വിജ്ഞാപനം denotify ചെയ്യേണ്ടതില്ല.

ബെന്‍സി.ജെ
അഡീഷണൽ സെക്രട്ടറി

1) കമ്മീഷണർ, ലാൻഡ് റവന്യൂ

2) ജില്ലാ കളക്ടർമാർ

5) റവന്യൂ ഡിവിഷണൽ ഓഫീസർമാർ

6) തദ്ദേശ സ്വയംഭരണ വകുപ്പ്

8) കൃഷി വകുപ്പ്

9) നിയമ വകുപ്പ്

10) വിവരവും, പൊതുജന സമ്പർക്കവും വകുപ്പ് (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)

11) കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Nizam

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. റവന്യൂ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
3. ബഹു. കൃഷി വകുപ്പ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

2075

കീഴ്പ്പെടുത്ത് നം: റി.എ(2)18988/16

കാർഷിക വികസന കർഷക
ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി : 02/03/2020

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച സർക്കുലർ എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരുടേയും അറിവിലേക്കായി നൽകുന്നു.

കൃഷി ഡയറക്ടർക്കു വേണ്ടി

*Joint Director of Agriculture (WM)*
*Directorate of Agriculture*
*Vikas Bhavan, Thiruvananthapuram-33*